"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആയുഷ് വകുപ്പ് – ഹോമിയോപ്പതിക് മെഡിക്കൽ വിദ്യാഭ്യാസം - തിരുവനന്തപുരം ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ കേസ് ടേക്കിംഗ് & റെപ്പർട്ടറി വിഭാഗത്തിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. രജിത കെ. നായർ – ടെ ഭർത്താവിന്റെ തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിലെ ചികിത്സയ്ക്കായി പലിശരഹിത ചികിത്സാവായ്പ -അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ആയുഷ് (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.229/2026/AYUSH തീയതി,തിരുവനന്തപുരം, 13-04-2026

---

പരാമർശം:-

1. സ.ഉ.(അച്ചടി) നം.100/2024/ധന, തീയതി 22.11.2024
2. ഡോ. രജിത കെ. നായർ, അസോസിയേറ്റ് പ്രൊഫസർ സമർപ്പിച്ച 27/01/2026 ലെ അപേക്ഷ
3. പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസറുടെ 09/02/2026 ലെ 223/ഇ1/2026/ജി.എച്ച്.എം.സി.റ്റി നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ കേസ് ടേക്കിംഗ് & റെപ്പർട്ടറി വിഭാഗത്തിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. രജിത കെ. നായർ – ടെ ഭർത്താവിന് തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ Metastatic Renal Cell Carcinoma രോഗചികിത്സയ്ക്കായി 10,00,000/- രൂപ പലിശ രഹിത ചികിത്സാ വായ്പ അനുവദിക്കുന്നതിനായുള്ള പരാമർശം (2) പ്രകാരമുള്ള അപേക്ഷ പരാമർശം (3) കത്ത് പ്രകാരം പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസർ ശുപാർശ ചെയ്തു സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പി.സി.ഒ യുടെ ശുപാർശ പരിഗണിച്ച് തിരുവനന്തപുരം ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ കേസ് ടേക്കിംഗ് & റെപ്പർട്ടറി വിഭാഗത്തിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. രജിത കെ. നായർ – ടെ (PEN – 643909, ജനനതീയതി - 12-04-1970) ഭർത്താവിന് തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ Metastatic Renal Cell Carcinoma (Immunotherapy) (pembrolizumab + axitinib) ചികിത്സയ്ക്കായി പരാമർശം (1) ഉത്തരവിലെ ഖണ്ഡിക-iii പ്രകാരം 10,00,000/- രൂപ (പത്ത് ലക്ഷം രൂപ മാത്രം) പലിശ രഹിത ചികിത്സാ വായ്പ താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) അനുവദിക്കപ്പെട്ട 10,00,000/- രൂപയുടെ പലിശ രഹിത ചികിത്സാ വായ്പ, ഡോ.രജിത കെ. നായർ സമർപ്പിക്കേണ്ട മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ക്ലെയിമിൽ ക്രമപ്പെടുത്തേണ്ടതും വായ്പത്തുക പൂർണ്ണമായും ക്രമപ്പെടുത്തിയശേഷവും അനുവദനീയമായ ചികിത്സാചെലവ് ശേഷിക്കുന്നുണ്ടെങ്കിൽ ആ തുക KGSMA ചട്ടങ്ങൾ പ്രകാരമുള്ള ചികിത്സാ ചെലവിന്റെ പ്രതിപൂരണമായി അനുവദിക്കാവുന്നതുമാണ്.

ii) ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ മേലൊപ്പിട്ട ഉപയുക്തതാ സർട്ടിഫിക്കറ്റ് പ്രസ്തുത വായ്പ കൈപ്പറ്റുന്ന തീയതി മുതൽ 6 മാസത്തിനകം അപേക്ഷകൻ ഹാജരാക്കേണ്ടതാണ്. ചികിത്സയ്ക്ക് ചെലവായ തുക കിഴിച്ച് ബാക്കി തുകയുണ്ടെങ്കിൽ മേൽ പ്രകാരമുള്ള ഉപയുക്തതാ കാലയളവ് പൂർത്തിയായതിന്റെ തൊട്ടടുത്ത ദിവസം തന്നെ ട്രഷറിയിൽ ഒടുക്കി ചെലാൻ അപേക്ഷകൻ ലഭ്യമാക്കേണ്ടതും, പലിശരഹിത ചികിത്സാ വായ്പ ധനവകുപ്പിന്റെ അനുമതിയോടെ 9 മാസത്തിനകം ക്രമപ്പെടുത്തേണ്ടതുമാണ്. അല്ലാത്ത പക്ഷം, മേൽ വ്യവസ്ഥകളിൽ ക്രമീകരണ അപേക്ഷ യഥാസമയം സമർപ്പിക്കാത്ത കേസുകളിൽ മുഴുവൻ വായ്പാതുകയ്ക്കും, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ട കാലയളവിന് ശേഷമുള്ള അവശേഷിക്കുന്ന തുക യഥാസമയം തിരിച്ചടയ്ക്കാത്ത കേസുകളിൽ പ്രസ്തുത തുകയ്ക്കും 12% നിരക്കിൽ പലിശ വായ്പക്കാരനിൽ നിന്നും ഈടാക്കുന്നതാണ്.

iii) പ്രസ്തുത പലിശരഹിത ചികിത്സാവായ്പ തുക ദുരുപയോഗപ്പെടുത്തുകയോ ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന പക്ഷം ആയത് മൊത്തമായി പലിശ സഹിതം തിരിച്ച് പിടിക്കുന്നതാണ്. കൂടാതെ, വായ്പാക്കാരനെതിരെ അച്ചടക്ക നടപടിയും സ്വീകരിക്കുന്നതാണ്.

iv) പ്രസ്തുത വായ്പ വിതരണം ചെയ്യുന്നതിന് മുൻപായി വായ്പ തുക, വായ്പ അനുവദിച്ച ഉത്തരവിന്റെ നമ്പറും തീയതിയും ഉൾപ്പെടെയുള്ള വിവരങ്ങൾ വായ്പക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

v) വായ്പ കൈപ്പറ്റാതിരിക്കുകയോ, റദ്ദ് ചെയ്യപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത വിവരം സർക്കാരിനെ കൃത്യമായും അറിയിക്കേണ്ടതാണ്. കൂടാതെ, മേപ്പടി പലിശരഹിത ചികിൽസാ വായ്പ ക്രമീകരിക്കുന്നതിനായി പലിശരഹിത ചികിൽസാ വായ്പയ്ക്ക് അപേക്ഷ സമർപ്പിച്ച തീയതി മുതൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ട കാലയളവ് വരെയുള്ള ചികിത്സയുടെ ബില്ലുകൾ മാത്രമേ സമർപ്പിക്കാവൂ. അപ്രകാരമുള്ള ഉപയുക്തതാ സർട്ടിഫിക്കറ്റ് മാത്രമേ ലഭ്യമാക്കാവൂ. കൂടാതെ വായ്പ കൈപ്പറ്റിയ തീയതി കൂടി ലഭ്യമാക്കേണ്ടതാണ്.

vi) ഇതുമായി ബന്ധപ്പെട്ട ചെലവ് "7610-00-800-95(01)"എന്ന ശീർഷകത്തിൽ (2026-2027 സാമ്പത്തിക വർഷം) നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SEEMA S
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസർ, ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്, തിരുവനന്തപുരം

ഡോ. രജിത കെ. നായർ, അസോസിയേറ്റ് പ്രൊഫസർ, ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്, തിരുവനന്തപുരം (പകർപ്പ് പിസിഒ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ് (UO(F) No. .Health-ജി2/142/2026-Healthആ.കു.വ. തീയതി 14.03.2026)

ധന (ലോൺസ്) വകുപ്പ് (UO(F) No..3465518/Loans-L3/25/2026-FIN തീയതി 01.04.2026)

വെബ് & ന്യൂ മീഡിയ

കരുതൽ ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Pradeep V R
Date: 16-04-2026 10:37:20
സെക്ഷൻ ഓഫീസർ